## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3101 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യം നീക്കം ചെയ്യുന്നതിനായുള്ള പദ്ധതികൾ | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | മാലിന്യം നീക്കം ചെയ്യുന്നതിനായി കാര്യക്ഷമമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാത്ത തിനാൽ പൊതുസ്ഥലങ്ങളും നിരത്തുകളും ജലാശയങ്ങളുമെല്ലാം മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി തീരുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പൊതുസ്ഥലങ്ങളും നിരത്തുകളും ജലാശയങ്ങളും മാലിന്യ മുക്തമാക്കുന്നതിനായി വാർഡ് തലങ്ങളിൽ മാലിന്യ ശേഖരണത്തിനായി നടപടി സ്വീകരിക്കുമോ; | | പൊതുസ്ഥലങ്ങളും നിരത്തുകളും ജലാശയങ്ങളും മാലിന്യമുക്തമാക്കുന്നതിനായി ഓരോ വാർഡുകളിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ ആവിഷ്കരിച്ചുവരുകയാണ്. ഇതിന്റെ ഭാഗമായി ഉറവിടത്തിൽ തന്നെ മലിന്യ സംസ്കരണം നടത്തുന്നതിനുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതോടൊപ്പം പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും വിവിധ പ്രോജക്ടുകൾ ഇപ്പോൾ നടപ്പാക്കുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ പ്ലാസ്റ്റിക്, ചെരിപ്പ്, ഗ്ലാസ്, എന്നിവ ശേഖരിച്ച് പുന:ചംക്രമണത്തിനും, പുന:രുപയോഗത്തിനും കൈമാറുന്ന രീതി കുറേ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ഫലപ്രദമായി നടക്കുന്നു. ഇതിന് പുറമേ പാഴ്വസ്തു വ്യാപാരികളുടെ സേവനം പ്രയോജനപ്പെടുത്തി അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പ്രത്യേക നടപടികൾ എടുത്തുവരുന്നു. ജൈവ മാലിന്യങ്ങൾ ശേഖരിച്ചാൽ അവ കൊണ്ടുപോയി സംസ്കരിക്കുന്നതിന് കേന്ദ്രീകൃത സംവിധാനമോ പ്ലാൻറുകളോ നിലവിൽ ഇല്ലാത്ത സ്ഥലങ്ങളിൽ ഉറവിടത്തിൽ തന്നെ അത് സംസ്കരിക്കുന്നതിനുള്ള ഉപാധികളും രീതികളുമാണ് സംസ്ഥാന ശുചിത്വ മിഷന്റെ പിന്തുണയോടുകൂടി തദ്ദേശ സ്ഥാപനങ്ങൾ ഇപ്പോൾ സ്വീകരിച്ചു വരുന്നത്. |
| (സി) | സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | | പൊതുസ്ഥലങ്ങളിലും നിരത്തുകളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് പൂർണ്ണമായി ഒഴിവാക്കി ഇത്തരം സ്ഥലങ്ങളെ മാലിന്യ രഹിതവും വൃത്തിയുള്ളതുമാക്കി തീർക്കുന്നതിന് ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ ശുചിത്വമിഷൻ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചു വരുകയാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് സ.ഉ |

| | | | | |
|---|---|---|---|---|
| | | | | (സാധാ) നം.2420/2017/തസ്വഭവ 15/07/2017 ലെ ഉത്തരവ് പ്രകാരം കൃത്യമായ നിർദ്ദേശങ്ങൾ ഖരമാലിന്യ സംസ്കരണത്തിനായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രാദേശികമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ അല്ലെങ്കിൽ നിലവിലുള്ള മറ്റു സംവിധാനങ്ങൾ എന്നിവ ഹരിത കർമ്മസേനയായി പ്രവർത്തിക്കുകയും തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിലെ മാലിന്യ സംസ്കരണത്തിനുള്ള പ്രധാന ഏജൻസിയായി പ്രവർത്തിക്കുകയും വേണം. ഹരിത കർമ്മ സേനയുടെ ഗ്രീൻ ടെക്നീഷൻമാർ, ഗ്രീൻ സൂപ്പർ വൈസർമാർ, ഹരിത സഹായ സ്ഥാപനം എന്നിവയുടെ നേതൃത്വത്തിലുള്ള കൂട്ടായ പ്രവർത്തനമാണ് മാലിന്യ സംസ്കരണത്തിനായി ലക്ഷ്യമിട്ടിട്ടുള്ളത്. വികേന്ദ്രീകൃത ആസൂത്രണ പരിപാടികൾക്ക് സ്ഥല പരിമിതിയുള്ളവർക്ക് പൊതു സംവിധാനത്തിൽ മാലിന്യ ശേഖരണം നടത്തുന്നതിനുള്ള സംവിധാനവും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരുക്കണം.<br><br>സ.ഉ(സാധാ) നമ്പർ 2511/2017 ത.സ്വ.ഭ.വ തീയതി 22/07/2017 ലെ ഉത്തരവ് പ്രകാരം ഹോട്ടലുകൾ, ക്ലബുകൾ, കല്യാണമണ്ഡപങ്ങൾ, ഓഡിറ്റോറിയം, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമ തീയറ്ററുകൾ പച്ചക്കറി, പഴം, മത്സ്യ മാംസ വിപണനകേന്ദ്രങ്ങൾ, ചിക്കൻ സ്റ്റാളുകൾ, അറവുശാലകൾ എന്നിവിടങ്ങളില്ലാം ജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം നടപടികൾ ഏറ്റെടുക്കുമ്പോൾ പൊതു ഇടങ്ങളിലും ജലാശയങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്നത് ഒരു വലിയ പരിധിവരെ ഇല്ലാതാവുകയും അത്തരം സ്ഥലങ്ങൾ മാലിന്യ രഹിതമാവുകയും ചെയ്യും എന്നാണ് വിലയിരുത്തപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ